**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** — **05-12-2022 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. പി.പി. ചിത്തരഞ്ജൻ</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളാണ് നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;</td><td>(എ)</td><td>ആലപ്പുഴ മണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><td>ആർദ്രം പദ്ധതി ഒന്നാം ഘട്ടം</td><td>കലവൂർ പി.എച്ച്.സി</td></tr><tr><td>ആർദ്രം പദ്ധതി രണ്ടാം ഘട്ടം</td><td>1.മാരാരിക്കുളം നോർത്ത്<br>പി.എച്ച്.സി<br>2. ആര്യാട് പി.എച്ച്.സി</td></tr><tr><td>ആർദ്രം പദ്ധതി മൂന്നാം ഘട്ടം</td><td>മണ്ണാഞ്ചേരി പി.എച്ച്.സി</td></tr></table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>മണ്ണഞ്ചേരി ആരോഗ്യ കേന്ദ്രത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എൻ.എച്ച്.എം .മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ;</td><td>(സി)</td><td>2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക 22.5 ലക്ഷം രൂപയാണ്. എന്നാൽ സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി DPR തയ്യാറാക്കിയപ്പോൾ 88 ലക്ഷം രൂപ ആവശ്യമായി വന്നു. ടി അധിക തുക എൻ. എച്ച്. എം ന്റെ 2018-19 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ അംഗീകാരം ലഭ്യമാക്കിയതും എന്നാൽ വിനിയോഗിക്കുവാൻ സാധിക്കാത്തതുമായ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കാൻ എൻ. എച്ച് എം നടപടി സ്വീകരിച്ച് വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | ടി അധിക തുകയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും. |
| (ഡി) | പ്രസ്തുത ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ ആർദ്രം പദ്ധതി വഴി ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക 22.5 ലക്ഷം രൂപയാണ്. എന്നാൽ സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി DPR തയ്യാറാക്കിയപ്പോൾ 88 ലക്ഷം രൂപ ആവശ്യമായി വന്നു. ടി അധിക തുക എൻ. എച്ച്. എം ന്റെ 2018-19 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ അംഗീകാരം ലഭ്യമാക്കിയതും എന്നാൽ വിനിയോഗിക്കുവാൻ സാധിക്കാത്തതുമായ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കാൻ എൻ. എച്ച് എം നടപടി സ്വീകരിച്ചു വരുന്നു.<br><br>ടി അധിക തുകയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | സ്ഥാപനത്തിന്റെപേര് | നിർമ്മാണപുരോഗതി |
|---|---|---|
| 1 | എഫ്.എച്ച്.സി മാരാരിക്കുളം നോർത്ത് | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാരാരിക്കുളം പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വെയ്റ്റിംഗ്ഏരിയ, ഒ.പി രജിസ്ട്രേഷൻ കൗണ്ടർ, പ്രീചെക്ക്റൂം, മൈനർ പ്രോസിജർ റൂം, ഫാർമസി ഡിസ്പെൻസിംഗ്, ഒന്നാംനിലയുടെ കോൺഫറൻസ് ഹാൾ, പബ്ലിക്ഹെൽത്ത് വിംഗ്, പാലിയേറ്റീവ്റൂം, ഓഫീസ് എന്നിവ പുതിയതായി നിർമ്മിച്ചു. നിലവിലുള്ള കെട്ടിടം നവീകരിച്ച് സെക്കണ്ടറി വെയ്റ്റിംഗ്ഏരിയ, ഒ പി റൂമുകൾ, ഒബ്സർവഷൻ റൂം, ലാബ്, ഇമ്മ്യൂണൈസേഷൻ, ഫാർമസിസ്റ്റോർ എന്നിവ സജ്ജീകരിച്ചു. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 2 | പി.എച്ച്.സി. ആര്യാട് | 113.78 ലക്ഷം രൂപ ബഡ്ജറ്റ് ഹെഡിൽ അനുവദിച്ചിട്ടുണ്ട്. PWD ആണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്. നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. |
| 3 | എഫ്.എച്ച്.സി കലവൂർ | കലവൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ 1250 സ്ക്വയർ ഫീറ്റ് ഏരിയയിൽ പുതിയതായി വെയ്റ്റിംഗ് ഏരിയ ഒ പി-യും ഫാർമസിയുമായി പൂർത്തീകരിച്ചു. മെഡിസിൻ സ്റ്റോർ, ഫാർമസി, ഫാർമസികൗണ്ടർ മുതലായവ പൂർത്തീകരിച്ചു. ഒ പി ബ്ലോക്കിൽ ഒ പി രജിസ്ട്രേഷൻ കൗണ്ടർ, പ്രീചെക്കപ്പ്റൂം , ഒ പി കൺസൾട്ടേഷൻ റൂം, ഒബ്സർവഷൻ, ഇൻജെക്ഷൻ/ നെബുലൈസേഷൻ, ഫീഡിങ്റൂം, മൈനർ പ്രൊസിജർ റൂം മുതലായവ പാർട്ടീഷൻ വർക്ക് ചെയ്തു സജ്ജീകരിച്ചു. പുതിയഗേറ്റ്, ആർദ്രം കളർ കോഡ്പെയിന്റിംഗ്, നെയിംബോർഡ്, പബ്ലിക്അഡ്രസ്സിംഗ് സിസ്റ്റം, ടി.വി, വാട്ടർ പ്യൂരിഫൈർ മുതലായവ സജ്ജീകരിച്ചു. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 4 | മണ്ണാഞ്ചേരി പി.എച്ച്.സി | മണ്ണാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ